**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5143** **14-03-2023 - ൽ മറുപടിയ്ക്ക്**

**കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. 3,60,226 പേർക്ക് ബോർഡിൽ നിന്നും പെൻഷൻ നൽകി വരുന്നു. 2022 ആഗസ്റ്റ് മാസം വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളത്. ഒരു മാസം പെൻഷൻ നൽകുന്നതിന് ഏകദേശം 58 കോടി രൂപയും മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും, ഭരണപരമായ ചെലവുകൾക്കുമായി 10 കോടി രൂപയുമടക്കം പ്രതിമാസം 68 കോടിയോളം രൂപയാണ് ബോർഡിന് ആവശ്യമായി വരുന്നത്. എന്നാൽ ബോർഡിന്റെ പ്രധാന വരുമാനമായ സെസ്സ് പിരിവിലൂടെ പ്രതിമാസം ലഭിക്കുന്നത് 30 കോടിയോളം രൂപയാണ്. കാലാകാലങ്ങളിലുണ്ടായ ടി അന്തരം മൂലമാണ് പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് കാലതാമസമനുഭവപ്പെടുന്നത്. മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സെസ്സ് പിരിവിൽ കാര്യക്ഷമമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം ശരാശരി 23 കോടിയായിരുന്നു സെസ്സ് കളക്ഷനെങ്കിൽ നിലവിവർദ്ധിച്ചിട്ടുണ്ട് .തൊഴിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ അദാലത്തുകൾ നടത്തിയതിന്റെ ഫലമായി സെസ്സ് കളക്ഷനിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് . ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി പുതിയ സാമ്പത്തിക വർഷം മുതൽ സെസ്സ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി പിരിച്ചെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. |
| (ബി) | എങ്കിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ബോർഡ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് | (ബി) | ബോർഡിലെ ജീവനക്കാർക്കായി പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബോർഡിന്റെ |

| | | | |
|---|---|---|---|
| | വിശദാംശം ലഭ്യമാക്കാമോ; | | ചീഫ് ആഫീസിൽ ഇ-ആഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ജില്ലാ ആഫീസുകൾ ഇ-ആഫീസ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സർക്കാരിന്റെ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി ചീഫ് ആഫീസിലും, ജില്ലാ ആഫീസുകളിലും ബോധവൽക്കരണ ക്യാമ്പുകൾ അടക്കമുള്ള വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അംഗതൊഴിലാളികൾക്ക് നൽകിവന്നിരുന്ന ആനുകൂല്യങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലയളവിലുണ്ടായ വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു .<br><br>1. പെൻഷൻകാരുടെ മരണാനന്തര ചെലവ് 2000/- രൂപയിൽ നിന്ന് 3000/- രൂപയായി വർദ്ധിപ്പിച്ചു.<br><br>2. അംഗതൊഴിലാളിയുടെ മരണാനന്തര ചെലവ് 2000/- രൂപയിൽ നിന്ന് 4000/- രൂപയാക്കി വർദ്ധിപ്പിച്ചു.<br><br>3. നേത്ര ശസ്ത്രക്രിയ, ചിക്കൻപോക്സ് , പേപ്പട്ടി വിഷബാധ , പാമ്പുകടി എന്നിവയ്ക്കുള്ള ധനസഹായം 2000/- രൂപയിൽ നിന്ന് 4000/- രൂപയായി വർദ്ധിപ്പിച്ചു.<br><br>4. സാധാരണ ചികിത്സാധനസഹായമായി ആദ്യത്തെ അഞ്ചു ദിവസത്തേയ്ക്ക് നൽകി വന്നിരുന്ന 400/- രൂപ 800/- രൂപയായും, തുടർന്നുള്ള ഓരോ ദിവസത്തിനും 70/- രൂപയിൽ നിന്നും 150/- രൂപയായും വർദ്ധിപ്പിച്ചു.<br><br>5. അപകട ചികിത്സാധനസഹായമായി ആദ്യത്തെ അഞ്ചു ദിവസത്തേയ്ക്ക് നൽകി വന്നിരുന്ന 750/- രൂപ 1500/- രൂപയായും , തുടർന്നുള്ള ഓരോ ദിവസത്തിനും 100/- രൂപയിൽ നിന്ന് 200/- രൂപയായും വർദ്ധിപ്പിച്ചു.<br><br>6. അപകടമരണധനസഹായം 3 ലക്ഷം രൂപയിൽ നിന്ന് 4 ലക്ഷം രൂപയായും, മരണാനന്തര ധനസഹായം 25000/- രൂപയിൽ നിന്ന് 50,000/- രൂപയായും വർദ്ധിപ്പിച്ചു.<br><br>7. എസ്.എൽ.സി ക്യാഷ് അവാർഡ് 2500/, 2000/-, 1500/- എന്നീ ക്രമത്തിൽ നൽകി വന്നത് 3000/- രൂപയാക്കി വർദ്ധിപ്പിച്ച് ഏകീകരിക്കുകയും അർഹരാവുന്നവരുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>8. മരങ്ങൾ, കുറ്റിച്ചെടികൾ, മറ്റ് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ഹൃദയാഘാതം മൂലമോ, |

| | | | |
|---|---|---|---|
| | | | കുഴഞ്ഞു വീണോ, ജോലി സ്ഥലത്ത് മരണപ്പെടുന്ന അംഗത്തിന്റെ മരണം ജോലി സ്ഥലത്തെ മരണമായി കണക്കാക്കി ഒരു ലക്ഷം രൂപ നോമിനിക്ക്/ ആശ്രിതർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവായി.<br><br>9. തൊഴിൽ സ്ഥലത്ത് വച്ചുള്ള അപകടത്തെ തുടർന്ന് സ്ഥിരമായ അവശത 50 ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വിധേയമായി അവശതയുടെ ശതമാനത്തിന് ആനുപാതികമായ തുക (പരമാവധി 1 ലക്ഷം രൂപ) അവശത ധനസഹായമായി അനുവദിച്ചുവരുന്നു. |
| (സി) | ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം ചെലവഴിച്ച തുക തരം തിരിച്ച് ലഭ്യമാക്കാമോ; | (സി) | ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം (2021 – 2022) ചെലവഴിച്ച തുക (ഓഡിറ്റ് ചെയ്യപ്പെടാത്ത താത്കാലിക കണക്ക് ) തരം തിരിച്ച് ചുവടെ ചേർക്കുന്നു .<br><br>അഡ്മിനിസ്ട്രേഷൻ ഫണ്ട് - 16,02,77,164/-രൂപ<br><br>പെൻഷൻ - 474,29,83,294/-രൂപ<br><br>ബെനിഫിറ്റ് - 45,27,28,239/-രൂപ<br><br>കോവിഡ് ധനസഹായം - 66,52,83,000/-രൂപ<br><br>മറ്റുള്ളവ - 25,84,479/-രൂപ |
| (ഡി) | 2023 - 2024 സാമ്പത്തിക വർഷം എന്തെല്ലാം കർമ്മ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സെസ്സ് പിരിവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . സെസ്സ് പിരിവ് ഓൺലൈൻ മുഖാന്തിരമാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിശ്ചിത കാലയളവുകളിൽ അദാലത്തുകൾ നടത്തി അംഗതൊഴിലാളികളുടെ പരാതികൾ പരിഹരിക്കുന്നതിനും ഇതിലൂടെ പരമാവധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പെൻഷനും മറ്റാനുകൂല്യങ്ങളും മുടക്കം കൂടാതെ നൽകുന്നതിനുള്ള തീവ്ര ശ്രമങ്ങൾ നൽകി വരുന്നു . |

സെക്ഷൻ ഓഫീസർ